# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4371

04/02/2014 ൽ മറുപടിക്ക്

### ഡയറ്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'ഡയറ്റ്'കളിൽ നിയമിക്കപ്പെട്ടവരിൽ പലരും നിശ്ചിത യോഗ്യതയില്ലാത്തവ മാണ് എന്ന റിപ്പോർട്ട് ശ്രദ്ധ യിൽ പെട്ടിട്ടുണ്ടോ ; | എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡയറ്റുകളിൽ നിയമിക്കപ്പെട്ട ലക്ചറർമാരിൽ നിശ്ചിത യോഗ്യതയില്ലാത്തവർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരംശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ നിശ്ചിത യോഗ്യ തയില്ലാത്ത എത്ര പേർക്കാണ് നിയമനം ലഭിച്ചത് എന്ന് വ്യക്തമാ ക്കുമോ; | ബി) നിശ്ചിത യോഗ്യതയില്ലാത്തവർഎത്രപേരാണ് എന്ന വിവരം ഇതിനായി നിയോഗിക്കപ്പെട്ട സമിതി പരിശോധിച്ച് വരുന്നു. |
| സി) ഇത് സംബന്ധമായി കോടതിയുടെയോ , ട്രിബ്യൂണലിന്റെയോ വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശ ങ്ങൾ ലഭ്യമാക്കുമോ; | സി) ഈ വിഷയം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 25/10/2012 ൽ 2620,2628,2098/12 എന്നീ റ്റി.എ.നമ്പർ കേസുകളിൻമേൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ? | ഡി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25/10/2012ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതിന് 23/08/2013 ലെ സ.ഉ.(സാ.ധാ) നം.3449/2013/പൊ.വി.പ്രകാരം ഡയറ്റ് ലക്ചറർ മാരുടെ നിയമനം നടത്തിയ കമ്മറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റി ആയത് പരിശോധിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ